**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3208** **07-10-2025 - ൽ മറുപടിയ്ക്ക്**

**പഴമ്പാലക്കോട് സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | തരൂർ മണ്ഡലത്തിലെ എസ്.എം.എച്ച്.എസ്.എസ്. പഴമ്പാലക്കോട് സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | 2024-25 ബഡ്ജറ്റിൽ 100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയായും 20%, 2024-25 വർഷത്തെ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്ന തരൂർ നിയോജക മണ്ഡലത്തിലെ പഴമ്പാലക്കോട് എസ്.എം.എം എച്ച്.എസ്.എസ് ഗ്രൗണ്ട് വികസന പ്രവൃത്തിക്കായി 15.01.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. പ്രകാശൻ. കെ.വി, പഴയന്നൂർ എന്ന കരാറുകാരനാണ് 79.18 ലക്ഷം രൂപയ്ക്ക് 24.06.2025 തീയ്യതിയിൽ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, കബഡി കോർട്ട്, ടോയ്‌ലെറ്റ് ബ്ലോക്ക്, റീട്ടൈനിംഗ് വാൾ, ഫെൻസിംഗ്, ഡ്രെയിൻ, ഗേറ്റ്, കോമ്പൗണ്ട് വാൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രൗണ്ടിന്റെ അതിർത്തി നിർണ്ണയിക്കേണ്ടി വന്നതിനാലും, പ്രസ്തുത ഗ്രൗണ്ടിൽ കേരളോത്സവം നടക്കുന്നതിനാലും പ്രവൃത്തിയുടെ സർവ്വേ നടപടികൾ മാത്രമേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളൂ. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ